പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2117 08.03. 2018 ൽ മറുപടിക്ക്

**മാവേലിക്കരയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ തസ്തിക**

ചോദ്യം

ശ്രീ.ആർ.രാജേഷ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മാവേലിക്കര എക്സിക്യൂട്ടീവ് എഞ്ചിനിയർ-ക്ക് കീഴിൽ എത്ര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ തസ്തികയുണ്ടായിരുന്നു; നിലവിൽ എത്ര തസ്തികയുണ്ട്; ഈ മാറ്റത്തിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) മാവേലിക്കര എക്സിക്യൂട്ടീവ് എൻജിനീയറുടെ കീഴിൽ മൂന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ തസ്തികകൾ ഉണ്ടായിരുന്നത് നിലവിൽ 2 തസ്തികകൾ ആയി. കെ.എസ്.ഇ.ബി.എൽ - ലെ എല്ലാ ഇലക്ട്രിക്കൽ ഡിവിഷനുകളിലും ഉള്ള ഓരോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ തസ്തികകൾ അതാത് ഇലക്ട്രിക്കൽ സർക്കിളിൽ ഉള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലേയ്ക്ക് പുനർ വിന്യസിച്ചിരിക്കുന്നതിനാലാണ് പ്രസ്തുത തസ്തികയിൽ മാറ്റം ഉണ്ടായിട്ടുള്ളത്.<br>കെ.എസ്.ഇ.ബി.എൽ - ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (ഇലക്ട്രിക്കൽ) ന്റെ മൊത്തം തസ്തികകളുടെ എണ്ണത്തിൽ മാറ്റം വരുത്താതെ തന്നെ മുകളിൽ സൂചിപ്പിച്ചതു പോലെയുള്ള ഭരണപരമായ ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥരെ പുനർവിന്യസി ക്കാറുണ്ട്. ഇതിന്റെ ഭാഗമായാണ് എല്ലാ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസുകളിലേയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലേയ്ക്ക് മാറ്റി നിയമനം നടത്തിയിട്ടുള്ളത്. |
| (ബി) നിലവിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ എത്ര; 2016-17 കാലത്ത് എത്രയുണ്ടായിരുന്നു; മുൻസ്ഥിതിയിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | (ബി) മാവേലിക്കര ഡിവിഷനു കീഴിൽ 2 ഇലക്ട്രിക്കൽ സബ് ഡിവിഷനുകളിലായി 2 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തസ്തികകളാണ് നിലവിലുള്ളത്. അതിൽ ചാരുമൂട് ഇലക്ട്രിക്കൽ സബ് ഡിവിഷനിൽ കഴിഞ്ഞ സ്ഥലംമാറ്റ ഉത്തരവിലൂടെ നിയമിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഇതുവരെ ചാർജ്ജെടുത്തിട്ടില്ല. ഇലക്ട്രിക്കൽ ഡിവിഷനിൽ നിലവിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ തസ്തിക പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലേയ്ക്ക് പുനർവിന്യസിച്ചി രിക്കുകയാണ്. കെ.എസ്.ഇ.ബി.എൽ-ൽ നിലവിലുള്ള ഓഫീസുകളുടെയും ജോലികളുടെയും പുനഃസംഘടന യുടെയും ഭാഗമായാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചത്. |

സെക്ഷൻ ഓഫീസർ